# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4029 20.07.2015 - ൽ മറുപടിക്ക്**

## സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പദ്ധതിക്കായി റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ബി) കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവും വ്യവസായികവുമായ വളർച്ചയ്ക്ക് സഹായകരമാകുന്ന റോഡുകൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായി കേരളത്തിലെ തന്ത്രപ്രധാന മേഖലകളായ റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, തുറമുഖങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, താലൂക്ക്, ജില്ലാ ആസ്ഥാനങ്ങൾ, പട്ടണങ്ങൾ, വികസന കേന്ദ്രങ്ങൾ, ഐ. റ്റി. പാർക്കുകൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവയെ ഉൾപ്പെടുത്തിയാണ് സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് നടപ്പിലാക്കുന്നത്. ഇവയെല്ലാം തമ്മിൽ ബന്ധിപ്പിച്ച് കേരളത്തിന്റെ കാർഷിക വ്യവസായിക മേഖലകൾക്ക് അടിസ്ഥാന സൗകര്യത്തിന് ഉതകുന്ന രീതിയിലാണ് റോഡുകൾ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ